**അനുബന്ധം-I**

ചോദ്യം നമ്പർ (*122)-ന്റെ 'എ' പിരിവിന്റെ വിശദമായ മറുപടി

നിലവിൽ ജൈവകൃഷി നടത്തുന്ന കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | കർഷകരുടെ എണ്ണം | ആകെ ജൈവകൃഷി ചെയ്യുന്ന വിസ്തൃതി (ഹെ.) | ഇനം |
|---|---|---|---|
| തിരുവനന്തപുരം | 1783 | 1255 | പച്ചക്കറി, വാഴ |
| കൊല്ലം | 1988 | 332 | പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് |
| പത്തനംതിട്ട | 1412 | 143.46 | നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, വാഴ, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചെറുധാന്യങ്ങൾ |
| ആലപ്പുഴ | 6847 | 4522.116 | പച്ചക്കറി, വാഴ, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, തെങ്ങ്, സുഗന്ധവ്യഞ്ജനങ്ങൾ, ചെറുധാന്യങ്ങൾ, എള്ള്, വെറ്റില, പഴവർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| കോട്ടയം | 7034 | 2887.2 | കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വാഴ, കുരുമുളക്, തെങ്ങ്, ജാതി, നെല്ല് |
| ഇടുക്കി | 9082 | 6860 | കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ, നെല്ല്, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ |
| എറണാകുളം | 1922 | 719.007 | നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മില്ലറ്റ്സ്, പഴവർഗ്ഗങ്ങൾ |
| തൃശ്ശൂർ | 1880 | 1265 | നെല്ല്, പച്ചക്കറികൾ, വാഴ, മഞ്ഞൾ, ഏലം, തെങ്ങ്, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, ജാതി, കവുങ്ങ് |
| പാലക്കാട് | 1630 | 3520 | പച്ചക്കറി, നെല്ല്, പഴവർഗ്ഗം, തെങ്ങ്, സുഗന്ധവ്യഞ്ജന വിളകൾ |
| മലപ്പുറം | 5318 | 425.5 | തെങ്ങ്, കമുക്, മരച്ചീനി, കിഴങ്ങുവർഗ്ഗം, ഇഞ്ചി, |

| | | | |
|---|---|---|---|
| | | | മഞ്ഞൾ, പച്ചക്കറി, കുരുമുളക്, ജാതിക്ക, ഡ്രാഗൺ ഫ്രൂട്ട് |
| കോഴിക്കോട് | 24546 | 2893 | പച്ചക്കറി, പഴവർഗ്ഗം, സുഗന്ധവ്യഞ്ജനങ്ങൾ |
| വയനാട് | 3561 | 2083 | പച്ചക്കറികൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, നെല്ല്, കാപ്പി, ഏലം |
| കണ്ണൂർ | 5719 | 2006.72 | തെങ്ങ്, കവുങ്ങ്, വാഴ, നെല്ല്, കൈപ്പാട് നെല്ല്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, മരച്ചീനി, ഫലവൃക്ഷങ്ങൾ, കിഴങ്ങുവർഗ്ഗം, കുരുമുളക്, ജാതിക്ക, സുഗന്ധവിളകൾ, എള്ള്, കശുമാവ് |
| കാസർഗോഡ് | 9535 | 3000 | തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി, നെല്ല്. |

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും കടബാദ്ധ്യതയും

(1853) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നു; പ്രസ്തുത സമയത്ത് കെ.എസ്.ആർ. ടി.സി.-യ്ക്ക് കടബാദ്ധ്യത ഉണ്ടായിരുന്നോ; എങ്കിൽ എത്രയായിരുന്നു എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് കടബാദ്ധ്യതയുണ്ടോ; എങ്കിൽ എത്രയാണെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) 2015-16 കാലയളവിലെ ആനുവൽ അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം 4.89 കോടി രൂപയും പ്രസ്തുത കാലയളവിലെ കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത സർക്കാർ വായ്പ ഉൾപ്പെടെ 4091.35 കോടി രൂപയുമാണ്. ആയതിന്റെ വിശദവിവരം **അനുബന്ധമായി ചേർക്കുന്നു.**+

05/2016-ൽ കെ.എസ്.ആർ.ടി.സി.-യിൽ 35,842 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു.

(ബി) നിലവിൽ പ്രതിദിന ശരാശരി ടിക്കറ്റ്/ടിക്കറ്റിതര വരുമാനം 7.50 കോടി രൂപയാണ്. 30-04-2024-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ ബാധ്യത 15,281.92 കോടി രൂപയാണ്. വായ്പ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ആറ് ബാങ്കുകൾ ഉൾപ്പെട്ട കൺസോർഷ്യം വായ്പയിൽ ഇനി ഒടുക്കേണ്ട തുക - 2865.33 കോടി രൂപ.
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഓവർഡ്രാഫ്റ്റ് വായ്പ - 44.00 കോടി രൂപ.

---

+ ചുവടെ ചേർത്തിരിക്കുന്നു.

3. സർക്കാർ വായ്പ - 12372.59 കോടി രൂപ.

ആകെ - 15281.92 കോടി രൂപ.

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 22,402 സ്ഥിരം ജീവനക്കാർ ഉണ്ട്.

**അനുബന്ധം-II**

## 2015-16 കാലയളവിലെ വാർഷിക അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം(കോടിയിൽ)

| | |
|---|---|
| Operating Revenue | 4.78 |
| Non Operating Revenue | 0.11 |
| **Total** | **4.89** |

## 2015-16 കാലയളവിലെ വാർഷിക അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത (കോടിയിൽ)

| | |
|---|---|
| KTDFC | 489.83 |
| HUDCO | 236.17 |
| LIC | 64.99 |
| DCB, Palakkad | 193.42 |
| KSTT-133, TVM | 8.67 |
| DCB, Ernakulam | 114.26 |
| Kerala Infrastructure Finance Corporation | 45.63 |
| SBI MIDGAP Loan | 70.00 |
| Consortium Banks | 1296.80 |
| Government Loan | 1571.58 |
| Total | 4091.35 |